# Deepika

## 14 August 2018

## Kochi, After Flood, Action Plan, Sanitation, Rehabilitation,



# ശുചീകരണത്തിനും പുനരധിവാസത്തിനും ആക്ഷൻപ്ലാനുമായി ജില്ലാ ഭരണകൂടം

**കൊച്ചി:** പെരിയാറിൽ ജലനിരപ്പുയർന്നതിനെ തുടർന്നു വെള്ളവും ചെളിയും കയറിയ മേഖലകളിൽ പൊതുസ്ഥലങ്ങളും വീടുകളും ശുചീകരിക്കുന്നതിനുള്ള തീവ്രയത്നപരിപാടി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഇന്ന് ആരംഭിക്കും. ദുരിതബാധിതരായ കുടുംബങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള അടിയന്തര ധനസഹായം എത്രയും വേഗം ലഭ്യമാക്കുമെന്നും ആലുവ താലൂക്ക് ഓഫീസിൽ ചേർന്ന അവലോകനയോഗത്തിനുശേഷം ജില്ലാ കളക്ടർ മുഹമ്മദ് സഫിറുള്ള അറിയിച്ചു.

നാശനഷ്ടങ്ങൾ വിലയിരുത്തി പുനർനിർമാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും ഉടനെ ആരംഭിക്കും. വസ്ത്രങ്ങൾ, പാത്രങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ നഷ്ടമാകുകയോ നശിക്കുകയോ ചെയ്ത കുടുംബങ്ങൾക്ക് 3800 രൂപയാണ് അടിയന്തര സഹായമായി നൽകുക. വില്ലേജ് ഓഫീസർമാരാണ് അർഹതയുള്ളവരെ കണ്ടെത്തുക. അടിയന്തരസഹായം രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് തഹസിൽദാർമാർക്കു കളക്ടർ നിർദേശം നൽകി.

വെള്ളം കയറിയ മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ എന്നിവ സംയുക്തമായി പ്രത്യേക പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. സന്നദ്ധ സംഘടനകളുടേയും നാട്ടുകാരുടേയും സഹകരണത്തോടെയാണു ശുചീകരണ പ്രവർത്തനങ്ങൾ. അൻപൊട് കൊച്ചി, എൻഎസ്എസ്, എൻസിസി, നെഹ്റു യുവകേന്ദ്ര തുടങ്ങിയവരും മറ്റ് വിവിധ സംഘടനകളും ശുചീകരണപ്രവർത്തനങ്ങൾക്കു സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഓരോ വീടിന്റേയും സ്ഥിതി വിലയിരുത്തി അനുസൃതമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണമെന്ന് കളക്ടർ നിർദേശിച്ചു.

പ്രളയജലം കയറിയ കിണറുകൾ വറ്റിച്ചശേഷം ക്ലോറിനേഷൻ നടത്തും. ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കും നടപടി സ്വീകരിക്കും. പ്രളയജലത്തിനൊപ്പം ഇഴജന്തുക്കളും മറ്റും വീടുകളിൽ കയറിക്കൂടിയിട്ടുണ്ടോ എന്നു പ്രത്യേകം പരിശോധിക്കും. വീടുകളും പരിസരവും പ്രഷർ വാഷിംഗ് നടത്തേണ്ടതാണെന്നും കളക്ടർ ചൂണ്ടിക്കാട്ടി.

കാനകളും തോടുകളും തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ വൃത്തിയാക്കും. ഇതിനു കു തഹസിൽദാർമാർ മേൽനോട്ടം വഹിക്കും. പ്രളയജലം കയറിയ സ്ഥലങ്ങളിലെ സ്ഥിതിയും ശുചീകരണപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും വിലയിരുത്തുന്നതിന് സ്വതന്ത്ര നിരീക്ഷകരെ ചുമതലപ്പെടുത്തുമെന്നും കളക്ടർ വ്യക്തമാക്കി.